TB Movie Panel Weekly Review

**#moviepanel**

ഭൂതകാലം

Written By: Vishnu Vimal

ഒരു പാട് ഹൊററർ സിനിമകൾ മലയാളത്തിലും മറ്റു ഭാഷകളിലുമൊക്കെ കണ്ടിട്ടുണ്ട്. എല്ലാറ്റിനും ഏകദേശം ഒരേ പാറ്റേണായിരിക്കും. നിനച്ചിരിക്കാതെ ഞെട്ടിത്തരിപ്പിക്കുക. പശ്ചാത്തല സംഗീതം കൊണ്ട് ഭീകരാന്തരീക്ഷം സൃഷ്ടിക്കുക. കൊന്ത, കുരിശ്, പാതിരി, മന്ത്രവാദി, പൂജ എന്നിങ്ങനെ സ്ഥിരം ക്ലീഷേകൾ.അതിൽ നിന്നെല്ലാം വ്യത്യസ്തമാണ് 'ഭൂതകാലം". ഷെയ്ൻ നിഗം ത്തിൻ്റെയും രേവതിയുടെയും അസാധ്യ അഭിനയം.ഒരു കഥാപാത്രത്തെ അഭിനയിച്ചു ഫലിപ്പിക്കുക എന്നത് മികച്ച അഭിനേതാക്കൾക്കുമാത്രം സാധ്യമായ ഒന്നാണ്. ഷെയ്ൻ, നമുക്കു ചുറ്റും കാണുന്ന ചെറുപ്പക്കാരുടെ ഒരു ചിത്രം തന്നെയാണ്.അതുകൊണ്ടുതന്നെ അവർക്കത് എളുപ്പം മനസ്സിലാകും. രേവതിയിലെ അമ്മയും നമ്മളൊക്കെത്തന്നെ. പുറത്ത് നിന്നു കാണുന്ന നമ്മൾക്ക് അവരുടെ പ്രശ്നങ്ങൾ ഒന്ന് പോയി തീർത്തു കൊടുക്കാൻ തോന്നും കാരണം നമ്മൾ അവരെ രണ്ടു പേരെയും കാണുന്നുണ്ടല്ലോ.......
എന്തൊരു മിടുക്കനാണ് ആ സംവിധായകൻ. എന്തൊരു താളമാണ് ആ സിനിമയ്ക്ക്.വളരെ കുറഞ്ഞ സമയം കൊണ്ട് എത്ര ഭംഗിയായാണ് കാര്യങ്ങൾ പറഞ്ഞു തീർത്തത്.തിരക്കഥയുടെ കെട്ടുറപ്പ് എടുത്തു പറയാതെ വയ്യ. തന്റെ നിസ്സഹായാവസ്ഥ ആരും മനസ്സിലാക്കാതെ, തന്നെ ഒരു മാനസീക രോഗിയാക്കി ചിത്രീകരിക്കുന്ന പ്രതിസന്ധി നിറഞ്ഞ ഭാഗങ്ങൾ ഷെയ്ൻ എന്ന നടൻ വല്ലാത്തൊരു തന്മയത്വത്തോടെ അവതരിപ്പിച്ചു എന്ന് നിസ്സംശയം പറയാം. അവസാനം തൻ്റെ മനസ്സിനെ അമ്മയുടെ മുമ്പിൽ നിഷ്കളങ്കനായി തുറന്നു കാട്ടുമ്പോൾ ആ അമ്മ അവന് ഒരു കരുത്തായി മാറുന്നുണ്ട്. അവിടെയാണ് രേവതി എന്ന അഭിനേത്രിയുടെ കിടിലൻ പ്രകടനം. പിന്നിടങ്ങോട്ട് അവരൊരുമിച്ച് തങ്ങളെ ചൂഴ്ന്നു നിൽക്കുന്ന ഇരുട്ടിൽ നിന്ന് കരകയറുന്ന ക്ലൈമാക്സിന് കയ്യടി കൊടുക്കാതെ വയ്യ.
ഭൂതകാലം ഒരു നല്ല ഹൊററർ സിനിമാനുഭവം തന്നെയാണ്. മറ്റു കഥാപാത്രങ്ങളിൽ അവസാനം വരെ നിറഞ്ഞു നിൽക്കുന്ന ഒരു കഥാപാത്രമാണ് മുത്തശ്ശി.അവരാണ് സിനിമയുടെ തുടക്കവും ഒടുക്കവും.

ത്രില്ലർ ആയിരിക്കുമെന്നാ കരുതിയത്. പടത്തിന്റെ ആദ്യ ഷോട്ടിൽ തന്നെ സംവിധായകന്റെ ലക്ഷ്യം എങ്ങോട്ടാണെന്ന് മനസ്സിലായി...!!

അവസാനത്തെ ഒരു 20മിനിറ്റ് നമ്മളെ പിടിച്ചുലക്കും.ഒരേ സമയം നമ്മളെ കൺഫ്യൂസ് ആക്കുകയും, അതുപോലെ തന്നെ പേടിപ്പിക്കുകയും

ചെയ്യുന്ന ഒരു ഐറ്റം. അടുത്തതായി എന്താണ് സംഭവിക്കാൻ പോകുന്നത് എന്ന് അറിയാനുള്ള ആകാംഷയോടൊപ്പം നമ്മുടെ ഉള്ളിൽ ഭയവും, അസ്വസ്ഥതയും ഉളവാക്കുന്ന അനുഭവം...

ആ വീടും, ബിജിഎം ഒന്നും അത്ര പെട്ടെന്ന് മനസ്സീന്ന് പോകുമെന്ന് തോന്നുന്നില്ല.നല്ല ക്വാളിറ്റി ഐറ്റമാണ്.ക്യാമറ, ബിജിഎം എല്ലാം വേറെ ലെവൽ ആണ്. ഷെയിന്റെയും, രേവതിയുടെയും എന്ത് കിടിലം പെർഫോമൻസാണോ

സമീപ കാലത്തൊന്നും ഇമ്മാതിരി ഒരു ഹൊറർ പടം കണ്ടിട്ടേ ഇല്ലേ..!

ഒന്നേമുക്കാൽ മണിക്കൂർ ദൈർക്യമേ ഉള്ളൂ വളരെ പതിയെയാണ് കഥ മുന്നോട്ട് പോകുന്നത് എന്ന് വെച്ച് നിർത്തി പോകരുത്..! അവസാനം ആകുമ്പോ ഉണ്ടാകുന്ന എക്സ്പീരിയൻസ് വേറെ തന്നെയാണ്.

തിയേറ്ററിൽ എങ്ങാനം ആയിരുന്നേൽ സംഗതി കുറച്ചൂടെ കിടുക്കിയേനെ

കഴിവതും രാത്രി ഒറ്റക്കിരുന്ന് കാണാൻ ശ്രമിക്കുക ഗംഭീര എക്സ്പീരിയൻസ് ആയിരിക്കും

അല്ലേലും Sony Livൽ വന്ന ഏതേലും മലയാള സിനിമ ആരെയെങ്കിലും നിരാശപെടുത്തിയിട്ടില്ല. കാണെക്കാണെ,തിങ്കളാഴ്ച നിശ്ചയം,ചുരുളി,മധുരം,ഭൂതകാലം. ഇനി വരാൻ ഉള്ളത് മമ്മൂക്കയുടെ പുഴു.